പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 87 — 1/3/2017 ൽ മറുപടിക്ക്

## സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോസ് കുന്നപ്പിള്ളി:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. സണ്ണി ജോസഫ്:<br>ശ്രീ. കെ.മുരളീധരൻ: | അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |
| എ) സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | എ) സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ കന്നുകാലി മിഷന്റെ കീഴിൽ "Risk Management and Insurance" എന്ന ഘടകത്തിൽ 104.28 ലക്ഷം രൂപ കേന്ദ്രസർക്കാർ അനുവദിക്കുകയുണ്ടായി. സംസ്ഥാനവിഹിതം 69.52 ലക്ഷം രൂപ കൂടി ലഭ്യമാക്കി മൊത്തം 173.8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കർഷകർക്ക് നഷ്ടപരിഹാരം നല്കി സംരക്ഷണം നല്കുന്നതിനും കന്നുകാലി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ള പദ്ധതിയാണിത്.<br>20392 കറവപശു/എരുമകളെ ഈ പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്യാൻ നിശ്ചയിച്ചിട്ടുണ്ട് പ്രതിദിനം 5 ലിറ്ററിൽ കൂടുതൽ കറവയുള്ള 2½ മുതൽ 8 വയസുവരെ പ്രായമുള്ള സങ്കരയിനം പശുക്കളെയും എരുമകളെയുമാണ് ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്നത്. എല്ലാ ജില്ലയിലും പദ്ധതി നടപ്പിലാക്കുന്നതാണ്. ഉരുവിന്റെ പരമാവധി വില 50,000/- രൂപയെന്നു കണക്കാക്കി നിശ്ചയിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയം തുകയുടെ നിശ്ചിത ശതമാനം സർക്കാരും ബാക്കി തുക ഗുണഭോക്താവുമാണ് വഹിക്കുന്നത്. ഇതിൽ ഗുണഭോക്താവിന്റെ വിഹിതത്തിന്റെ പകുതി വിഹിതം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ തനതു പദ്ധതിയിൽനിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാവുന്നതാണ്. ജനറൽ കാറ്റഗറിയിൽപ്പെട്ട ഗുണഭോക്താക്കൾ അടയ്ക്കേണ്ട പ്രീമിയം തുകയുടെ 50% വും പട്ടികജാതി/പട്ടിക വർഗ്ഗ |

| | |
|---|---|
| | തുകയുടെ 70%വും സർക്കാർ വഹിക്കുന്നതാണ്. വെറ്ററിനറി സർജൻ കന്നുകാലികളെ വിശദമായി പരിശോധിച്ച് ഇയർ ടാഗ് ചെയ്ത് ഹെൽത്ത് സർട്ടിഫിക്കറ്റ് നൽകി ഇൻഷ്വർ ചെയ്യുന്നതാണ്. കന്നുകാലികൾ മരണപ്പെടുമ്പോഴും/പെർമനന്റ് ടോട്ടൽ ഡിസെബിലിറ്റി (പി.റ്റി.ഡി)യ്ക്കും നഷ്ടപരിഹാരം ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും നല്കുന്നതിനു ബന്ധപ്പെട്ട വെറ്ററിനറി സർജൻ സാക്ഷ്യപത്രം നല്കും. കന്നുകാലികൾ മരണപ്പെടുന്ന സാഹചര്യത്തിൽ പോസ്റ്റ്മോർട്ടം നടത്തുന്നതും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതും വെറ്ററിനറി സർജനാണ്.<br>ടി പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പൊതുമേഖലാ ജനറൽ ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് "Expression of Interest" ക്ഷണിക്കുകയും യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി നിലവിലെ പ്രീമിയം നിരക്കായ 3.1% ൽ നിന്നും 3% ആയി കുറയ്ക്കാൻ സമ്മതിക്കുകയുമുണ്ടായി. ആയതിനാൽ ടി കമ്പനിയെ ഈ പദ്ധതി പ്രകാരം കന്നുകാലി ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.<br>ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, ഇൻഷ്വർ ചെയ്യേണ്ട കന്നുകാലികളുടെ എണ്ണം, ടാഗിംഗ്-പോസ്റ്റ്മോർട്ടം ഫീസ്, ഹോണറേറിയം എന്നിവ ജില്ലാതലത്തിൽ നിരീക്ഷിക്കുകയും, ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർ, ഇൻഷ്വറൻസ് കമ്പനി എന്നിവരുടെ പ്രതിമാസ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ ഫണ്ട് വിതരണം നടത്തുകയും ചെയ്യുന്നതാണ്.<br>ഇൻഷ്വറൻസ് ക്ലെയിം ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ച് 15 ദിവസത്തിനുള്ളിൽ തീർപ്പാക്കുന്നതാണ്. |
| ബി) ഈ സാമ്പത്തിക വർഷം എത്ര പശുക്കളെ ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരുവാനാണ് | **ബി)** ഈ സാമ്പത്തിക വർഷം നാൽപതിനായിരത്തോളം കറവയുള്ള കന്നുകാലികളെ ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരുവാനാണ് ലക്ഷ്യമിട്ടിരുന്നത്. |

| | |
|---|---|
| കൊണ്ടുവരുവാനാണ് നിശ്ചയിച്ചിരുന്നത്; ഈ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ; | കൊണ്ടുവരുവാനാണ് ലക്ഷ്യമിട്ടിരുന്നത്. പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ നിശ്ചയിച്ച നല്കിയ പ്രീമിയം നിരക്കിൽ ജനറൽ കാറ്റഗറിയിൽപ്പെട്ടവരുടെ 17250 കന്നുകാലികളെയും, പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 3142 കന്നുകാലികളെയും ഈ സാമ്പത്തിക വർഷം ഇൻഷ്വർ ചെയ്യുന്നതാണ്. അടുത്ത സാമ്പത്തിക വർഷം സംസ്ഥാനത്തെ കൂടുതൽ കന്നുകാലികളെ ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരുവാൻ ലക്ഷ്യമിടുന്നുണ്ട്. |
| സി) പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ പ്രീമിയം തുക കുത്തനെ കൂട്ടിയതുമൂലം പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്നത് വസ്തുതയാണോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | സി) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ നാല് പൊതുമേഖലാ ജനറൽ ഇൻഷ്വറൻസ് കമ്പനികളുമായി വകുപ്പ് മന്ത്രി തലത്തിൽ ചർച്ച നടത്തിയിരുന്നു. യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി നിലവിലെ പ്രീമിയം നിരക്കായ 3.1% ൽ നിന്നും 3% മായി കുറയ്ക്കാൻ സമ്മതിച്ചു. ഈ തുക ന്യായീകരിക്കത്തക്കതാണ്. നിരക്ക് കുത്തനെ വർദ്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ടി കമ്പനിയെ ഈ പദ്ധതി പ്രകാരം കന്നുകാലി ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ